SYED ABDUL ASHRAF
KOYATHAKKALAKATH
CHEMMAD - 676 319
R 591
14/6/77
CHITHIRA THIRUNAL GRANDHASALA TRIVANDRUM

# ഇസ്ലാമിക് കൾച്ചർ

( ഇസ്ലാമിക സംസ്കാരം )

പത്രാധിപർ: എം. മുഹമ്മദകോയ.

( പള്ളിപ്പുറം. )

| | | |
|---|---|---|
| വാല്യം 1 | 1951 മാർച്ച്<br>1370 ജമാദുൽ ആഖിർ | ലക്കം 1 |

## പത്രാധിപക്കുറിപ്പ്

മതപരവും സംസ്കാരപരവുമായ ഒരു പ്ര…ധാനം ഇന്നാട്ടിലെ …സ്ലിംകളുടെ അഭ്യുദയത്തിനു് തികച്ചും അവശ്യമാണെന്നു സമുദായസ്നേഹി…ൾ അഭിപ്രായപ്പെടാറുണ്ടായിരുന്നു. പുതിയ സംഭവവികാസങ്ങളും …പാശ്ചാത്യരീതിയിലുള്ള ചിന്താഗതികളും രാഷ്ട്രീയ തകിടംമറിച്ചിലുകളും …തപരമായ ജീവിതത്തിനു പ്രാധാന്യം കല്പിക്കുന്നില്ല. മതം ആരാധനകൾ …ത്രമാണെന്നും അതു് ദേവാലയങ്ങളുടെ ഭിത്തികൾക്കുള്ളിൽ അടച്ചൊതു…ണ്ടതാണെന്നുമുള്ള ചിന്താഗതി മുസ്ലിംകളുടെ ഇടയിലും വേരൂന്നിക്ക…ഴിഞ്ഞിരിക്കയാണു്. ഇസ്ലാമിക സിദ്ധാന്തങ്ങൾ മനുഷ്യന്റെ ഭൗതികവും …പാരത്രികവുമായ ജീവിതത്തിനു ഒന്നുപോലെ പ്രാധാന്യം നൽകി മാർഗ്ഗ…ദർശനം ചെയ്യുന്നുണ്ടു്. ഒരു പ്രത്യേക സംസ്കാരമാണു് മുസ്ലിംകൾക്കുള്ളതു്. …മാറിമറിഞ്ഞുവരുന്ന പരിതസ്ഥിതികളിൽപോലും ഇസ്ലാമികാദർശങ്ങൾ …ക്ഷതങ്ങളും പുരോഗമനപരവും ആയിതന്നെ നിലകൊള്ളുന്നു. ഇസ്ലാമികാ…ദർശങ്ങൾ മനുഷ്യനു വെളിച്ചം പ്രദാനം ചെയ്തിട്ടുണ്ടെന്നും സമീപകാലത്തു…ന്നെ സംസ്ക്കാരപരമായി മുന്നണിയിൽനിന്നിരുന്ന ഏക സമുദായം

# ഇസ്ലാംമതവും നമ്മുടെ സ്ത്രീകളും

[അയിഷാഭായി കെ. ഒ. ലാകോളേജ്]



സാംസ്കാരികമായും പുരോഗമനപരമായും ഏററവും
ഔന്നത്യത്തെ പ്രാപിച്ചിട്ടുള്ളതാണ് ഇസ്ലാംമതമെന്നു
ള്ള സംഗതിയെ അറിവുള്ള ആരും എതിർക്കുമെന്ന തോ
ന്നുന്നില്ല. ദീനരും അശരണരുമായിരുന്ന ദരിദ്രരോടും, അ
വശതയിൽപെട്ട നട്ടംതിരിയുന്ന സ്ത്രീകളോടും, ഇസ്ലാംമ
തം ഇതരമതാതീതമായ ഔദാര്യങ്ങൾ പ്രകടിപ്പിച്ചിട്ടു
ണ്ട്. ഇസ്ലാംമതത്തിന്റെ ആവിർഭാവത്തിനുമുമ്പ്, സ്ത്രീയെ പുരുഷന്റെ
അടിമയായും വിലതേട്ടമായും കണക്കാക്കിയിരുന്നു. സ്ത്രീക്ക് ആത്മാവുണ്ടോ
എന്നുകൂടി അന്നത്തെ ആളുകൾ സംശയിച്ചിരുന്നു എന്നുള്ളതിന് മതി
യായ തെളിവുകളുണ്ട്. എന്നാൽ ഇസ്ലാംമതം, പുരുഷനോടൊപ്പംതന്നെ
സകല അവകാശങ്ങളും അധികാരങ്ങളും കടമകളും സ്ത്രീക്കുണ്ടെന്ന്, ആദ
ർശങ്ങൾ മുഖേന വ്യക്തമാക്കി. ഈ ഇരുപതാം നൂററാണ്ടിൽപോലും സ്ത്രീ
ക്കനുവദിക്കപ്പെടാത്ത സ്വാതന്ത്ര്യം ആയിരത്തിമുന്നൂറുവർഷങ്ങൾക്കു
മുമ്പ് ഇസ്ലാം സ്ത്രീക്കനുവദിച്ചിട്ടുണ്ടെന്നുള്ളതിന് മതഗ്രന്ഥങ്ങളും ചരിത്ര
വും സാക്ഷ്യംവഹിക്കുന്നുണ്ട്.

സ്ത്രീകളുടെ ഔൽകൃഷ്ട്യത്തെയും സംരക്ഷണത്തെയും ഇസ്ലാം അങ്ങേ
അററംവരെ പരിരക്ഷിക്കുന്നു. സ്ത്രീക്കും പുരുഷനും തുല്യമായ സ്വാതന്ത്ര്യ
വും എന്നാൽ പ്രകൃത്യാതന്നെ പ്രബലനായ പുരുഷന്റെ ഇടപെടലിൽ
അതു നഷ്ടപ്പെട്ടുപോകാതിരിക്കാൻ ചില വിഷയങ്ങളിൽ പുരുഷനേക്കാൾ
കൂടുതൽ സ്വാതന്ത്ര്യവും ഇസ്ലാം, സ്ത്രീക്കു നൽകുന്നുണ്ട്. സ്ത്രീകളോടു പു
രുഷന്മാർക്കുള്ള അധികാരംപോലെ പുരുഷന്മാരോടു സ്ത്രീകൾക്കുമുണ്ട്. "അ
വർ നിങ്ങൾക്ക് ഒരു കവചമാണ് അപ്രകാരംതന്നെ നിങ്ങൾ അവർക്കു
ഒരു കവചമാകുന്നു" എന്നിങ്ങനെയാണ് ഖുർആൻ ഘോഷിക്കുന്നതു്.

ആത്മീയമായ ഉൽക്കർഷത്തിലും അപകർഷത്തിലും തുല്യ
ന് സ്ത്രീക്കുള്ളതെന്നും ഖുർആൻ വ്യക്തമാക്കുന്നു. "പുരുഷനാകട്ടെ
യാകട്ടെ ആരു് വിശ്വസിച്ചുകൊണ്ടു സൽക്കർമ്മം ചെയ്യുന്നുവോ അ
സ്വർഗ്ഗത്തിൽ പ്രവേശിക്കും" കൂടാതെ ഏതൊരു സിദ്ധാന്തമുന്നയി
മ്പോഴും ഖുർആനിൽ സ്ത്രീയേയും പുരുഷനേയും പ്രത്യേകം പ്രത്യേ
സംബോധന ചെയ്യുന്നതായും പ്രത്യേകം പ്രത്യേകം ഉൾപ്പെടുത്തുന്നത
കാണുവാൻ കഴിയും. ഇതെല്ലാം ഭൗതികവും പാരത്രികവുമായി സ്ത്രീക്കു
രുഷനോടുള്ള സമത്വം ശക്തിയായി സ്ഥാപിക്കുന്നുണ്ട്. "സ്ത്രീകൾ
ഷന്മാരുടെ സഹോദരികൾ തന്നെയാണ്" എന്ന നബി വചനം അ
വ്യാഖ്യാനിക്കുന്നുമുണ്ട്.

ആരാധനക്രമങ്ങൾ, പൊതുജനസേവനം യുദ്ധസേവനം, വിദ്യാ
സം, തുടങ്ങിയ സകലത്തിലും സ്ത്രീക്ക് പുരുഷനോടൊപ്പംതന്നെ കട
ണ്ടെന്നു വിധിക്കുന്ന ഇസ്ലാം, അവളുടെ സ്വത്തവകാശം, വിവാ
വിവാഹമോചനം, എന്നീ കാര്യങ്ങളിലും ന്യായമായ സംരക്ഷണം ന
ന്നുണ്ട്. പൈതൃകമായ സ്വത്തു് പുരുഷനു ലഭിക്കുന്നതിൽ പകുതിവ
സ്ത്രീയ്ക്കും ലഭിയ്ക്കുന്നുണ്ട്, എന്നാൽ സ്ത്രീക്കു സന്താനങ്ങളെ
ക്ഷിക്കുന്നതിലോ തന്റെ സ്വന്തം സംരക്ഷണത്തിൽ പോലുമോ ധന
മായ ഉത്തരവാദിത്വം ചുരുക്കമാണ്, കുടുംബം പോറേറണ്ട ചുമതല
രുഷന്മാരുടെ മേൽ സ്ഥാപിച്ചിരിക്കുന്നു. ഇതു് ആദ്യം പറഞ്ഞതുപോ
സ്ത്രീയ്ക്കു നൽകിയിരിക്കുന്ന കൂടുതൽ സ്വാതന്ത്ര്യങ്ങളിൽ ഒന്നാ
ഭർത്താവിന്റെ സ്വത്തിലും, പുരുഷനെന്നപോലെതന്നെ മാതാവി
യും, സഹോദരീ സഹോദരന്മാരുടെയും മക്കളുടെയും സ്വത്തിലും സ
ക്കു് ന്യായമായ അവകാശം ഇസ്ലാംമതം അനുവദിച്ചിട്ടുണ്ട്.

വൈവാഹിക സംഗതിയിലും സ്ത്രീപുരുഷന്മാർക്ക് തുല്യപങ്ക
ഇസ്ലാം നൽകുന്നതു്. വരനെ തിരഞ്ഞെടുക്കുന്നതിൽ സ്ത്രീയുടെ
ത്തിനു് ഇതു് സർവപ്രധാനമായ വിലകല്പിക്കുന്നു. മാത്രമല്ല, പുരു
അവൾക്കു് ഗണ്യമായ ഒരു പാരിതോഷികം കൊടുക്കണമെന്നു
നിർബന്ധവുമാണ്. അതാണ് മഹർ. വിവാഹംചെയ്യുന്ന ഒരുപുരുഷ
ഒരു സ്ത്രീയിൽനിന്നും അവളുടെ പ്രണയബന്ധമൊഴിച്ച്", യാതൊ

നിയമപ്രകാരം അവകാശപ്പെടുന്നില്ല. ഇന്നത്തെ നടപ്പ് ഇങ്ങനെയല്ലെന്നു വന്നേയ്ക്കാം എന്നാൽ ഇസ്ലാംനിയമമങ്ങിനെയാണ്.

വിവാഹമോചനം ഒരുവിധത്തിലും സാധൂകരിക്കപ്പെടാവതല്ല; എന്നുപദേശിക്കുന്ന മതങ്ങളിൽപെട്ടതല്ല ഇസ്ലാം. എന്നാൽ വിവാഹമോചനം വെറുക്കപ്പെട്ട ഒരു സംഗതിയാണ്. "വിവാഹമോചനം പാടുള്ളതാണെങ്കിലും അത് അല്ലാഹുവിനു വളരെ അനിഷ്ടമായതാകുന്നു" (അബൂദാവൂദ്) എന്നാണ് ഇസ്ലാമിലെ വിധി. എന്നാൽ നിവൃത്തിയില്ലാത്ത ഘട്ടത്തിൽ അവരെ ദ്രോഹിയ്ക്കാതെ വിട്ടയക്കുന്നതാണുത്തമം. "നിങ്ങൾ ഭാര്യമാരെ നല്ലനിലയിൽ നിറുത്തുകയോ നല്ലനിലയിൽ അവരെ വിട്ടയക്കുകയോ ചെയ്യുവിൻ. നിങ്ങൾ അക്രമികളായി തീരുമാറ് അവരെ ദ്രോഹിക്കുന്നതിന് അവരെ തടഞ്ഞുനിർത്തരുത്" (ഖു) ഭാര്യയെ ക്ഷിപ്രമായ വികാരത്തിന്റെ പേരിൽ ഉപേക്ഷിച്ചുകളയാതിരിയ്ക്കാനും ഇസ്ലാം വേണ്ട വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്.

പുരുഷന്മാർക്ക് സ്ത്രീകളുടെമേലുള്ളതുപോലെതന്നെ സ്ത്രീകൾക്ക് പുരുഷന്മാരുടെമേലും അധികാരമുണ്ടെന്നു സിദ്ധാന്തിക്കുന്ന ഇസ്ലാം വിവാഹമോചനക്കാര്യത്തിലും സ്ത്രീക്കു പുരുഷനെ വേണ്ടിവന്നാൽ ഉപേക്ഷിയ്ക്കാവുന്ന നിയമങ്ങൾകൂടി ഉൾപ്പെടുത്തുന്നുണ്ട്. ഭർത്താവിന്റെ ഉപദ്രവങ്ങളിൽനിന്നും രക്ഷനേടുന്നതിന് നിക്കാഹിനെ നിയമാനുസരണം ഫസ്ഖ് ചെയ്യുക (വിവാഹത്തിൽനിന്നും സ്ത്രീസ്വയം മോചിക്കുക) എന്ന് ഇസ്ലാം ഷറഹ (ധർമ്മശാസ്ത്രം) വിധിക്കുന്നു. ഇതിലെല്ലാം സ്ത്രീയുടെ സുരക്ഷിതത്വത്തിന് അല്പവും കോട്ടം തട്ടാതെ ഇസ്ലാം മതം സൂക്ഷിച്ചിട്ടുണ്ട്.

മതാനുഷ്ഠാനങ്ങൾ സാമുദായികവും രാഷ്ട്രീയവുമായ പ്രവൃത്തികൾ വിദ്യാഭ്യാസം എന്നിവയിലും സ്ത്രീക്ക് പുരുഷനോടൊപ്പംതന്നെ പങ്കുണ്ട്. നമസ്കാരാദികളിലും, വിശിഷ്യ സാമുദായികസംഘടനയേയും ഇസ്ലാംമതത്തേയും നിലനിർത്തുവാനുള്ള ഹജ്ജ് കർമ്മങ്ങളിലും, പുരുഷന്മാരോടൊപ്പം സ്ത്രീകളും നിർബന്ധിതരാണ്.

സാമുദായികവും രാഷ്ട്രീയവുമായ മററുകടമകളിൽ ഇസ്ലാം വിധിക്കുന്നതുനോക്കുക. "വിശ്വാസികളായ സ്ത്രീപുരുഷന്മാർ അന്യോന്യം സഹ



കരിയ്ക്കേണ്ടവരാകുന്നു" (9: 17) ഈ വചനം പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും അന്യോന്യസഹകരണം ആവശ്യമാണെന്ന് വെളിപ്പെടുത്തുന്നു.

രാഷ്ട്രീയ കാര്യങ്ങളിലും യുദ്ധത്തിലും പ്രശസ്തമായ സേവനം മുസ്ലിം സ്ത്രീകൾ വഹിച്ചിട്ടുള്ളതിന് ചരിത്രത്തിന്റെ ഏടുകൾ സാക്ഷ്യംവഹിക്കുന്നുണ്ട്. ഖലീഫ ഉമർ (റ: അ) ഇന്റെ കാലത്ത് സഭയിൽ മഹറിനെക്കുറിച്ച് വാദപ്രതിവാദം നടത്തി അദ്ദേഹത്തെക്കൊണ്ട് സ്വന്തം കല്പനയെ പിൻവലിപ്പിയ്ക്കുവാൻ തക്ക കെൽപ്പുള്ള സ്ത്രീകളുണ്ടായിരുന്നു എന്നുള്ളത് ചരിത്രപ്രസിദ്ധമാണ്. "വഹദ്" യുദ്ധത്തിലും "ജമൽ" യുദ്ധത്തിലും മററും അയിഷ (റ: അ) യും മററു സ്ത്രീകളും പോർക്കളത്തിൽ പോയിട്ടുള്ളതായും പടയാളികൾക്ക് വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുത്ത് സേവനം അനുഷ്ഠിച്ചിട്ടുള്ളതായും വിശ്വാസയോഗ്യമായ ഇസ്ലാംചരിത്രങ്ങൾ ഘോഷിയ്ക്കുന്നുണ്ട്.

വിദ്യാഭ്യാസം പുരുഷന്മാരെപോലെതന്നെ സ്ത്രീകൾക്കും കടമപ്പെട്ടതാണ്. എഴുത്തും വായനയും പഠിക്കാൻ നബി (സ: അ) അവിടുത്തെ അനുയായികളെ എല്ലാം പ്രേരിപ്പിച്ചിട്ടുണ്ട്. പൗരാണിക മുസ്ലിംകളുടെ ചരിത്രത്തിൽ അനവധി തരുണീമണികൾ സ്ത്രീകളുടെ അവകാശങ്ങളും അധികാരങ്ങളും കടപ്പാടുകളും ഏററവും പ്രശസ്തമായ നിലയിൽ ഏറെറടുക്കുകയും പ്രവർത്തിമണ്ഡലത്തിൽ പുരുഷനോടൊപ്പം സേവനം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. ഇന്നും ഇസ്ലാമികാധിപത്യം ഉള്ള രാജ്യങ്ങളിൽ, ചരിത്രത്തിന്റെ ഏടുകളിൽ സ്ഥലംപിടിക്കാൻ പര്യാപ്തരായ അനേകം മഹിളാമണികളെ രാഷ്ട്രീയവും, സാമുദായികവും, കലാപരവും, മതപരവും എന്നല്ല എല്ലാ തുറകളിലും നമുക്കു കാണാൻ കഴിയും.

നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം സ്ത്രീയുടെ ഈ അവകാശങ്ങളെല്ലാം അസ്ഥാനത്താണെന്നു പറയാതെ തരമില്ല. കേരളക്കരയിലെ മുസ്ലിംസ്ത്രീകളിൽ ഒരു നല്ലവിഭാഗത്തിന് ഇന്നും ആത്മാവുണ്ടെന്നുള്ള സംഗതികൂടി നിഷേധിക്കപ്പെടുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസമെന്നല്ല, മററൊരു പൊതുക്കാര്യത്തിലും പങ്കുകൊള്ളേണ്ട യാതൊരവകാശവും സ്ത്രീക്കില്ലെന്നു വിധികല്പിക്കുന്ന അനവധി മതപണ്ഡിതരെന്നഭിമാനിക്കുന്നവരെ ഇന്നും ഇവിടെ സുലഭമായി കാണാൻ കഴിയും. ഇസ്ലാം

മതത്തിലെ തത്വങ്ങളെക്കൂടി നിഷേധിച്ചുകൊണ്ടുള്ള അത്തരക്കാരുടെ പ്ര സ്താവനകൾ സമുദായത്തെ അനുദിനം അധഃപതിപ്പിച്ചുകൊണ്ടിരിക്കുക യാണ്.

മാനമായ നിലയിലും, നിയമം അനുവദിക്കുന്ന പരിധിയിലും, തൊ ഴിൽചെയ്തു ജീവിതം നയിക്കുന്നതിന് ഇസ്ലാം ഒരിക്കലും പ്രതിബന്ധമാക ന്നില്ല. സ്ത്രീകളും, പുരുഷന്മാരും തൊഴിൽചെയ്തു ജീവിക്കുവാൻ ഇസ്ലാം അ നുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. പുരുഷന്മാരുടെ മാത്രം പ്രയത്ന ഫലംകൊണ്ട് സ്ത്രീക്കു കഴിഞ്ഞുകൂടാവുന്ന കാലഘട്ട ഇന്നു മാറിവരികയാണ്. വളർന്നുകൊണ്ടിരിക്കുന്ന സംസ്കാരത്തിന്റെയും വ ർദ്ധിച്ചുവരുന്ന ജനസംഖ്യയുടേയും മുമ്പിൽ ഇനിയും ലോകത്തിലെ ഒ ഭൂരിപക്ഷ വിഭാഗത്തെ വെറുതേയിരുത്തി വേണ്ടതെല്ലാം സമ്പാദിച്ചുകൊ ടുക്കുവാനുള്ള കഴിവ് പുരുഷന്മാർക്കുണ്ടാകുമെന്നു തോന്നുന്നില്ല. മുതലാളിത്ത സമ്പ്രദായത്തെ ചവിട്ടിമെതിച്ചുകൊണ്ട് തൊഴിലാളി സർവാധിപത്യ എങ്ങും മുന്നേറിക്കൊണ്ടിരിക്കുകയാണ്. തൊഴിലൊന്നും ചെയ്യാതെ സ സ്ഥമായിരുന്നു സുഖിക്കാവുന്ന കാലം ഇനിയും അധികനാൾ നിലനിൽക്ക യില്ല. ഈ അവസരത്തിൽ സാമാന്യനിലയിൽ ജീവിക്കുവാനുതകുന്ന തൊ ഴിലെങ്കിലും അഭ്യസിക്കുവാൻ നമ്മുടെ സ്ത്രീകൾക്ക് അനുമതിയും പ്രേരണ യും നൽകാതിരിക്കുന്നത് സമുദായദ്രോഹവും, മതദ്രോഹവും, മാത്രമല്ല ര ജ്യദ്രോഹവുംകൂടിയാണ്. മതത്തിന്റെ നിലനില്പിനും സമുദായത്തിന്റെ ഉ ന്നതിക്കും ആത്മാർത്ഥമായാഗ്രഹിക്കുന്ന മുസ്ലിംകളുടെ സവിശേഷമായ ശ്രദ്ധ നമ്മുടെ സ്ത്രീകളുടെ വിദ്യാഭ്യാസവിഷയത്തിൽ ഇനിയും പതിയേണ്ട യിരിക്കുന്നു. കേരളക്കരയിലെ ഏററവും അധഃപതിച്ച ഒരു സമുദായക്ക രായിട്ടാണ് നാം എണ്ണപ്പെടുന്നതെന്നുള്ള വസ്തുത നമുക്കു വിസ്മരിച്ചുകൂട

വിദ്യാഭ്യാസപരമായും, സാമ്പത്തികമായും, സാമുദായികമായും, സാ സ്കാരികമായും, വളരെയധികം ഇനിയും നമ്മുടെ സമുദായം പുരോഗമിക്കേ ണ്ടിയിരിക്കുന്നു. സമുദായത്തിന്റെ ഈ ദുസ്ഥിതിയെ ദൂരീകരിക്കുവാൻ നി സ്വാർത്ഥരും സേവനസന്നദ്ധരും ആയ സമുദായ സ്നേഹികൾക്കു മാത്ര സാധ്യമാകൂ. സമുദായത്തിന്റെ ഭാവി, ഭാവിതലമുറയിലാണധിഷ്ഠിതമായി ക്കുന്നത്. ഭാവിതലമുറയെ നമ്മുടെ സഹോദരസമുദായങ്ങൾക്കൊപ്പം യത്താത്തപക്ഷം നമ്മുടെ ഭാവി അപകടത്തിലാണെന്നതിൽ സംശയമില്ല

സമുദായ സ്നേഹികളായ ഭാവിതലമുറയെ സൃഷ്ടിക്കുന്നതിൽ അവരു താക്കളുടെ സംസ്കാരത്തിന് ഒരു വലിയ പങ്കു വഹിക്കുവാനുണ്ട്. ഏ സമുദായത്തിന്റെയും ഉയർച്ച ആ സമുദായത്തിലെ സ്ത്രീകളുടെ വിദ്യ സത്തേ ആശ്രയിച്ചാണിരിക്കുന്നത്. ഈ പരമാർത്ഥം വിസ്മരിച്ചത നമ്മുടെ അധഃപതനത്തിനു കാരണം.

അല്ലയോ മുസ്ലീംസഹോദരങ്ങളെ !

എത്രയോ ഇക്ബാൽമാരും, എത്രയോ ആലിസഹോദരന്മാരും, ത്സാഹനം ലഭിക്കാതെ നമ്മുടെ സമുദായത്തിന്റെ അഴുക്കടഞ്ഞ കോ ളിൽ കാന്തിയററുകിടപ്പുണ്ട്. ആ രത്നങ്ങളെ തേച്ചുമിനുക്കി പ്രക പ്പിക്കുവാൻ ഇന്ന് നമ്മുടെ സമുദായത്തിന്റെ കരങ്ങൾക്കാവതില്ല. തേഞ്ഞു ദീനാപിടിച്ച് വിവശമായി തളർന്നുകിടക്കുന്നു. അതിനെ ത്സിച്ചു പ്രാപ്തമാക്കുന്നതാണ് ഇന്നു നിങ്ങളുടെ കർത്തവ്യം. അതിനു ണ്ടി. സൃഷ്ടിപരമായ ചില പരിപാടികൾ എത്രയുംവേഗം അംഗീക വാൻ ഒരു സമുദായസ്നേഹി എന്ന നിലയിൽ ഞാൻ നിങ്ങളോടഭ്യ ക്കുന്നു.

നിരവധി ഇക്ബാൽമാരുടേയും ആലിസഹോദരന്മാരുടേയും, സയ്യിദ് അഹമദ് ഖാൻമാരുടേയും, അമ്മമാരാകുവാനുള്ള സൗഭാഗ്യം ടെ മുസ്ലിം സഹോദരികൾക്കുണ്ടാകട്ടെ !



തിരു: കൊച്ചിയിൽ ശരിയായി പ്രവർത്തനം നടത്തിവരുന്ന സാ യിക സംഘടനകളുടെ പൂർണ്ണചരിത്രം (ആരംഭം, വളർച്ച, നേട്ടങ്ങ പ്രവർത്തകരുടെ പേരുവിവരം ഇവ) ചുരുക്കമായി എഴുതിഅയച്ചാ മുസ്ലിംലോകത്തിൽ പ്രസിദ്ധപ്പെടുത്താൻ ശ്രമിക്കുന്നതാണ്.